# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4143
# 13.12.2018 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഫണ്ട്**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഫണ്ടനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) 2018-19 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(അച്ചടി)നം.119/2018/ധന തീയതി 04/08/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്‌ലറ്റുകൾ/പാചകപ്പുര നിർമ്മിക്കുന്നതിന് അനുമതിയുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടുയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ചിട്ടുള്ള ചലഞ്ച് ഫണ്ട് പദ്ധതിയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ സ.ഉ(അച്ചടി)നം.30/2018/ധന തീയതി 01/03/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കാവുന്നതാണ്. |
| (ബി) | ഐ.ടി പഠനത്തിനാവശ്യമായ സ്മാർട്ട് റൂമുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എയ്ഡഡ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോ; | |
| (സി) | ഇത്തരത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുവാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ